# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.4910 　　　　　　　　　　　　**14/11/2019 ൽ മറുപടിക്ക്**

## റവന്യൂ രേഖകളിൽ സംഭവിച്ച പിശക് തിരുത്തുന്നതിന് നടപടി

**ചോദ്യം**

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ.മഞ്ഞളാംകുഴി അലി**

**,, കെ.എൻ.എ ഖാദർ**

**,, പി.ഉബൈദുള്ള**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | റവന്യൂ റീസർവ്വേ ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ടോ മന:പൂർവ്വമോ റവന്യൂ രേഖകളിലെ വസ്തു വിവരത്തിലും ഉടമകളുടെ പേരിലും പിശകുകൾ കടന്നുകൂടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | റവന്യൂ രേഖകളിൽ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ സംഭവിച്ച പിശക് തിരുത്തുന്നതിനായി നൽകുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് വർഷങ്ങൾ കാലതാമസമാകുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) യും (സി) യും | റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള റിക്കാർഡുകളിൽ സംഭവിച്ചിട്ടുള്ള പിശക് തിരുത്തുന്നതിന് കാലതാമസം നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 26-08-2017 ലെ സ.ഉ(എം.എസ്) 303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവെ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം) അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും, ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച് വരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതി ലേക്കായി താലൂക്കിൽ ലാവണമുള്ള സർവെ |
| (സി) | ഇത്തരം അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവെ ജീവനക്കാരെ റീസർവെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. കൂടാതെ അപേക്ഷയുടെ സ്റ്റാറ്റസ് അപേക്ഷകനും മേലുദ്യോഗസ്ഥനും പരിശോധിക്കുന്നതിനായി എൽ.ആർ.എം. നടപടിക്രമങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ